ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമോ ചട്ടങ്ങൾ പ്രകാരമോ ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിവ് നിഷ്കർഷിച്ചിട്ടില്ല. എല്ലാ ഹോട്ടലുകളും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങൾ പ്രകാരവുമുള്ള മാനദണ്ഡങ്ങൾ പാലിക്കുവാൻ ബാധ്യസ്ഥമാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ എല്ലാ ഹോട്ടലുകളും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരത്ത് ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ് കോമ്പൗണ്ടിൽ മരുന്നുകൾ കത്തിച്ച സംഭവം

96 (4380) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരുവനന്തപുരത്ത് ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റ് കോമ്പൗണ്ടിൽ മരുന്നുകൾ കത്തിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മരുന്നുകൾ കത്തിച്ചത് എന്തിനാണെന്ന് വ്യക്തമാക്കുമോ; എത്ര രൂപ വില വരുന്ന മരുന്നുകളാണ് കത്തിച്ചത് എന്ന് വിശദമാക്കുമോ;

(സി) കാലാവധി കഴിഞ്ഞ മരുന്നുകൾ നശിപ്പിക്കേണ്ട ശാസ്ത്രീയമായ രീതി, അവ അഗ്നിക്കിരയാക്കുക എന്നതാണോ;

(ഡി) അല്ലെങ്കിൽ പ്രസ്തുത പ്രവൃത്തിചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന കണ്ടെത്തൽ

97 (4381) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിയിറച്ചിയിൽ ആന്റിബയോട്ടിക് സാന്നിദ്ധ്യമുണ്ടെന്ന ഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് ആന്റ് എൻവയോൺമെന്റിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പരിശോധനകൾ നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly